# മജ്ജ ദാനം ചെയ്ത് വിദ്യാർത്ഥി



കൊച്ചി: മജ്ജ ദാനം ചെയ്ത് വിദ്യാർത്ഥി മാതൃകയായി. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ബികോം വിദ്യാർത്ഥിയായ എഡ്‌വിൻ മജ്ജ ദാനത്തിലൂടെ മാരക രക്ത സംബന്ധരോഗമുള്ള 4വയസ്സുകാരനാണ് പുതുജീവൻ നൽകിയത്. മജ്ജ ദാനത്തിലൂടെ തനിക്കൊരു കുഞ്ഞു ജീവിതം രക്ഷിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് എഡ്‌വിൻ പറയുന്നു.

രണ്ട് രീതിയിലാണ് രക്ത മൂലകോശങ്ങൾ ദാനം ചെയ്യുന്നത്. പെരിഫെരൽ ബ്ലഡ് സ്റ്റെം സെൽ ദാനവും മജ്ജ ദാനവും. പെരിഫെരൽ ബ്ലഡ് സ്റ്റെം സെൽ ദാനത്തിൽ, രക്തത്തിൽ നിന്നും നേരിട്ട് മൂലകോശങ്ങൾ ശേഖരിക്കുന്നു. ഇത് പ്ലേറ്റ്‌ലെറ്റ്സ് ദാനത്തിന് സമാനമായ ഈ രീതിയിൽ 3–4 മണിക്കൂർ കൊണ്ട് രക്തമൂലകോശങ്ങൾ ദാനം ചെയ്യാം. മജ്ജ ദാനത്തിൽ ഇടുപ്പെല്ലിൽ നിന്നും ദ്രവ രൂപത്തിലുള്ള മജ്ജകുത്തിയെടുക്കുകയാണ് ചെയ്യുന്നത്.